LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാർ

206(1274) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിലുള്ള സ്ഥിരം ജീവനക്കാർ എത്രയാണ്;

(ബി) താൽക്കാലിക, ദിവസവേതന ജീവനക്കാർ എത്രയാണ്;

(സി) സ്ഥിരം ജീവനക്കാരുടെ സർവ്വീസ് റൂൾസ് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ സർവ്വീസ് റൂൾസ് എന്നത്തേക്ക് നിശ്ചയിച്ച് അംഗീകരിക്കാനാകും ;

(ഇ) ദിവസവേതനക്കാരുടേയും താല്ക്കാലിക ജീവനക്കാരുടേയും വേതനം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ ;വിശദമാക്കുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 2291 സ്ഥിരം ജീവനക്കാർ ഉണ്ട്.

(ബി) സപ്ലൈകോയിൽ താൽക്കാലിക ദിവസവേതനക്കാരുടെ എണ്ണം 5272 ആണ്.

(സി) നിശ്ചയിച്ചിട്ടുണ്ട്. 3-2-2009-ലെ സ.ഉ.(എം.എസ്) നമ്പർ 7/09/ ഭ.സി.സ.വ. ഉത്തരവ് പ്രകാരമുള്ള മാനേജീരിയൽ സർവ്വീസ് റൂളും 26-7-1997-ലെ സ.ഉ (എംഎസ്.)നമ്പർ 29/97/ഭ.സി.സ.വ. നമ്പർ പ്രകാരമുള്ള പ്രൊമോഷൻ/ റിക്രൂട്ട്മെന്റ് റൂളും 1978-ലെ ഹെൽപ്പേഴ്സ് സർവ്വീസ് റൂളും ആണ് നിലവിലുള്ളത്.

(ഡി) ബാധകമല്ല.

(ഇ) സർക്കാർ പരിശോധിച്ചുവരുന്നു.

നിയമസഭാ മണ്ഡലങ്ങളിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ഓഫീസ്

207(1275) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഓരോ ഓഫീസിലും എത്ര ജീവനക്കാർ ആവശ്യമുണ്ടെന്നും വകുപ്പിൽ ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;